## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 628      28.02. 2017 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി. യിൽ ഓൺലൈൻ പേയ്മെൻറ് സംവിധാനം

ചോദ്യം

ശ്രീ.വി.അബ്ദു റഹിമാൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. യിൽ എന്നു മുതലാണ് ഓൺലൈൻ പേയ്മെൻറ് വഴി വൈദ്യുതി ചാർജ് അടയ്ക്കുന്ന സംവിധാനം നിലവിൽ വന്നത്; | (എ) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം 06.07.2011 മുതൽ എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് ലഭ്യമാക്കി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 23.04.2013 മുതൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ എത്ര ശതമാനം ആളുകൾ ഓൺലൈൻ പേയ്മെൻറ് മുഖേന പണം അടച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ഏകദേശം 4.6 ശതമാനം ആളുകൾ ഓൺലൈൻ പേയ്മെന്റ് മുഖേന പണം അടച്ചിട്ടുണ്ട്. |
| (സി) കെ.എസ്.ഇ.ബി. യിൽ നേരിട്ട് പണം അടയ്ക്കുന്ന സി. ഡി. എം. (ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ) സംവിധാനം എന്നു മുതലാണ് ആരംഭിച്ചത്; എത്ര സി. ഡി. എമ്മുകൾ ആണ് ഇതു വരെ സ്ഥാപിച്ചിട്ടുള്ളത്; | (സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നേരിട്ട് പണം അടയ്ക്കുന്ന സി. ഡി. എം. (ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ) സംവിധാനം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ആസ്ഥാന മന്ദിരമായ തിരുവനന്തപുരം വൈദ്യുതി ഭവനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിനോടനുബന്ധിച്ച് 04.01.2016 മുതൽ പ്രവർത്തിച്ചുവരുന്നു. ഇത്തരം 5 മെഷീനുകൾകൂടി ഫോർട്ട് സെക്ഷൻ (തിരുവനന്തപുരം), കൻറോൺമെന്റ് സെക്ഷൻ (കൊല്ലം), സെൻട്രൽ സെക്ഷൻ (എറണാകുളം), വിയ്യൂർ സെക്ഷൻ (തൃശ്ശൂർ), കോവൂർ സെക്ഷൻ (കോഴിക്കോട്) എന്നിവിടങ്ങളിൽ പ്രവർത്തന ക്ഷമമാക്കുവാൻ ഉള്ള നടപടികൾ എടുത്തുവരികയാണ്. |
| (ഡി) സി. ഡി. എം. വഴി എത്ര ശതമാനം പേരാണ് നിലവിൽ പണമടയ്ക്കുന്നത്; | (ഡി) സി. ഡി. എം. (ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ) സംവിധാനം വഴി ഏകദേശം 2600 പേരാണ് നിലവിൽ ഇതുവരെ പണം അടച്ചിട്ടുള്ളത്. |

| | |
|---|---|
| (ഇ)മറ്റെന്തൊക്കെ സംവിധാനങ്ങളാണ് ഇത്തരത്തിൽ കെ.എസ്.ഇ.ബി. യിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ)<br>1. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ) എന്ന ഇ-വാലറ്റ് വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് തങ്ങളുടെ മൊബൈൽ വഴി വൈദ്യുതി ബിൽ തുക പേ.റ്റി.എം. എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് അടയ്ക്കാൻ കഴിയും.<br>2. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി യോജിച്ച് ഇന്ത്യയിലെ ഏതു ജനസേവനകേന്ദ്രം വഴിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിനുള്ള സൗകര്യം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.<br>3. ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് ഓട്ടോമാറ്റിക്കായി പണമടയ്ക്കുവാൻ കഴിയുന്ന എൻ.എ.സി.എച്ച്. (NACH) എന്ന സംവിധാനം എൻ.സി.പി.ഐ. (NCPI) യുമായി സഹകരിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ